**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 764** — **24-08-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിലെ പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | 26-02-2021-ലെ സ.ഉ.(സാധാ) 176/2021 നമ്പർ ഉത്തരവ് പ്രകാരം സഹകരണ വകുപ്പിലെ പെൻഷൻ പദ്ധതി പരിഷ്കരിച്ചതു വഴി ഒരു മാസം എത്ര തുകയുടെ അധിക ബാധ്യതയാണ് പെൻഷൻ ബോർഡിന് ഉണ്ടായിട്ടുള്ളത്; ഈ അധിക ബാധ്യത എങ്ങനെ കണ്ടെത്തുന്നതിനാണ് ആലോചിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | പെൻഷൻ പരിഷ്കരിച്ചത് വഴി ഒരു മാസം 2,08,06,684/- രൂപയുടെ അധിക ബാധ്യത ഉണ്ടായിട്ടുണ്ട്.<br><br>പെൻഷൻ വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിനു ഒരു സമിതിയെ നിയോഗിക്കുന്നതാണ്. ടി സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനാഗമ മാർഗ്ഗങ്ങൾ വർധിപ്പിക്കുന്നതിനുള്ള മേൽനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പെൻഷൻ പരിഷ്കരണത്തിന് നിയോഗിച്ച രണ്ടംഗ കമ്മിറ്റിക്കായി ആകെ എത്ര തുകയാണ് ചെലവായത്; ഈ ചെലവ് സർക്കാരാണോ പെൻഷൻ ബോർഡാണോ വഹിച്ചതെന്ന് വിശദമാക്കുമോ; | (ബി) | പെൻഷൻ പരിഷ്കരണത്തിന് നിയോഗിച്ച രണ്ടംഗ കമ്മിറ്റിയ്ക്കായി ഓണറേറിയം ഇനത്തിൽ 1,00,000/- രൂപയും കമ്മിറ്റി അംഗങ്ങളുടെ മറ്റ് ചെലവുകൾക്കായി 53,305/- രൂപയും നല്കിയിട്ടുണ്ട്. ടി ചെലവ് പെൻഷൻ ബോർഡ് ആണ് വഹിച്ചത്. |
| (സി) | പെൻഷൻ ഫണ്ട് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (സി) | ഉന്നതതല സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ